## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1935, 07/12/2015-ലെ മറുപടിക്ക്**

**കത്തിയ തോട് സബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം**

ചോദ്യം
**ശ്രീ. എ.എം. ആരിഫ്**

ഉത്തരം
**ശ്രീ. ഉമ്മൻചാണ്ടി**
**ബഹു. മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | അരൂർ മണ്ഡലത്തിലെ കത്തിയ തോട് സബ്ട്രഷറി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പ്രസ്തുത സബ്ട്രഷറി ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുളള നടപടികൾ സ്വീകരിക്കുമോ? | : | ഉണ്ട്. കത്തിയതോട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാൻ 8 സെന്റ് സ്ഥലം അനുവദിച്ച് 11/08/2004 ലെ ജി.ഒ (ആർ.റ്റി) നം. 2851/2004/ത.സ്വ.ഭ.വ തീയതി പ്രകാരം ഉത്തരവായെങ്കിലും 10/05/2013- ൽ ചേർന്ന കത്തിയതോട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി ട്രഷറി വകുപ്പിന് ഭൂമി അനുവദിച്ച ഉത്തരവ് റദ്ദാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ഈ വിവരം ഔദ്യോഗികമായി ട്രഷറി വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കത്തിയതോട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം പണിയാൻ ഭൂമി ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ